# പതിമൂന്നാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2165** **17.02.2016- ൽ മറുപടിക്ക്**

**"ഉദ്യോഗ് ആധാർ "**

**ചോദ്യം** **ഉത്തരം**

**ശ്രീ.കെ.ബി.ഗണേഷ് കുമാർ**

**ശ്രീ. പി. കെ.കുഞ്ഞാലിക്കുട്ടി**
(വ്യവസായവും വിവരസാങ്കേതികവും വകുപ്പ മന്ത്രി)

| | | | |
|---|---|---|---|
| എ) | ചെറുകിട വ്യവസായ രജിസ്ട്രേഷന് ഉദ്യോഗ് ആധാർ നടപ്പിലാക്കാനുദ്ദേശിക്കുന്നുണ്ടോ യെന്ന് വ്യക്തമാക്കാമോ; | എ) | 18.09.2015 ലെ ഗവൺമെന്റ് ഓഫ് ഇൻഡ്യയുടെ ഗസറ്റ് നോട്ടിഫിക്കേഷൻ പ്രകാരം ഉദ്യോഗ് ആധാർ നിലവിൽ വന്നു. |
| ബി) | എങ്കിൽ ഇതിനായി എന്തൊക്കെ നടപടികൾ പുരോഗമിക്കുന്നുണ്ട് എന്നറിയിക്കാമോ; | ബി) | ഉദ്യോഗ് ആധാർ പ്രാവർത്തികമാക്കി യതിന്റെ ഭാഗമായി എന്റർപ്രണേഴ്സ് മെമ്മോറാണ്ടം ഫയൽ ചെയ്തിട്ടുള്ള സംരംഭകരെ/വ്യവസായികളെ ഉദ്യോഗ് ആധാറിലേയ്ക്ക് മാറ്റുന്നതിലേയ്ക്കായി ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാർക്ക് നിർദ്ദേശം നൽകിയി ട്ടുണ്ട്. മറ്റ് രേഖകൾ ഒന്നും തന്നെ ഹാജരാക്കാതെ ഉദ്യോഗ് ആധാർ 24 മണിക്കൂറും ഓൺലൈനായി എവിടെ യിരുന്നും രജിസ്റ്റർ ചെയ്യാവുന്ന സംവിധാനമായതിനാൽ യൂണിറ്റുകൾ ആരംഭിച്ച സംരംഭങ്ങൾക്ക് തുടർ പ്രവർത്തനങ്ങൾ നടത്തുന്നതിന് ഇത് സഹായകരമാണ്. ഉദ്യോഗ് ആധാറു മായി ബന്ധപ്പെട്ട വിഷയങ്ങളിൽ തുടർ സഹായങ്ങൾ വ്യവസായികൾക്ക് നൽകുന്നതിന് ജില്ലാ വ്യവസായ കേന്ദ്രം ജനറൽ മാനേജർമാർക്കും ഫീൽഡ് ഉദ്യോഗസ്ഥരായ എല്ലാ ഇൻഡസ്ട്രിയൽ എക്സ്റ്റൻഷൻ ആഫീസർമാർക്കും നിർദ്ദേശം നൽകി യിട്ടുണ്ട്. |

| | | | |
|---|---|---|---|
| സി) | ഇത് ചെറുകിട വ്യവസായികൾക്ക് ഗുണപ്രദമാണോയെന്ന് പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കാമോ? | സി) | നിലവിലുള്ള ഇ.എം പാർട്ട് I, II എന്നിവ ഫയൽ ചെയ്യുന്ന രീതിയെ ലഘൂകരിച്ച് എന്റർപ്രൈസസിന്റെ വിവരങ്ങൾ എളുപ്പത്തിലും സൗകര്യപ്രദമായും ഫയൽ ചെയ്യുന്നതിനുവേണ്ടി രൂപകൽപന ചെയ്തിട്ടുള്ള ഉദ്യോഗ ആധാർ ഗുണപ്രദമാണ്. സൂക്ഷ്മ ചെറുകിട വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടിയുള്ള Ease of Doing Business എന്ന പോളിസിയുടെ ഭാഗമായിട്ടുള്ളതാണ് ഉദ്യോഗ് ആധാർ സംവിധാനം. |

**സെക്ഷൻ ഓഫീസർ**